പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3495 16.12.2015 - ൽ മറുപടിയ്ക്ക്

**അനാഥാലയങ്ങൾക്ക് ഗ്രാന്റ്**

ചോദ്യം ഉത്തരം

ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അനാഥാലയങ്ങൾക്ക് നൽകുന്ന ഗ്രാന്റുകളുടെ തുക ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ടോ ; | (എ) | 01.01.2015 മുതൽ അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ് 800/- രൂപയിൽ നിന്ന് 1,000/- രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവർക്ക് ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; | (ബി) | കാസർഗോഡ് ജില്ലയിൽ 53 അനാഥാലയങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. ഇവയിൽ ഗ്രാന്റിന് അനുമതിയുള്ള 38 സ്ഥാപനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പിൽ നിന്ന് ഗ്രാന്റ് നൽകി വരുന്നുണ്ട്. നടപ്പ് വർഷം കുടിശ്ശിക ഉൾപ്പെടെയുള്ള ഗ്രാന്റ് നൽകുന്നതിന് 1,74,47,110/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത അനാഥാലയങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സാമൂഹ്യനീതി വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. സ്ഥാപനങ്ങളുടെ അംഗീകാരം നൽകുന്നതും, നാല് വർഷത്തെ പ്രവർത്തനത്തിന് ശേഷം അംഗീകാരം പുതുക്കി നൽകുന്നതും പശ്ചാത്തല സൗകര്യം, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, സാനിറ്ററി സർട്ടിഫിക്കറ്റ് എന്നിവ ബോർഡ് മെമ്പർ പരിശോധിച്ചതിനു ശേഷമാണ്. എല്ലാ വർഷവും വകുപ്പിൽ നിന്ന് ഗസറ്റഡ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സ്ഥാപനത്തിൽ പരിശോധന നടത്താറുണ്ട്. സാമൂഹ്യനീതി ഓഫീസർ, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, പോലീസ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ഈ വകുപ്പുകളും തുടർ പരിശോധനകൾ നടത്താറുണ്ട്. |
| (ഡി) | പ്രസ്തുത അനാഥാലയങ്ങളിലെ കുട്ടികൾ/സ്ത്രീകൾ/വൃദ്ധന്മാർ എന്നിവരുടെ എണ്ണം വ്യക്തമാക്കുമോ ? | (ഡി) | കാസർഗോഡ് ജില്ലയിൽ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ പ്രവേശിപ്പിച്ചിരിക്കുന്ന അന്തേവാസികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| ക്രമ നം | സ്ഥാപനം | ആൺകുട്ടികൾ | പെൺകുട്ടികൾ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|---|---|
| 1 | ഓർഫനേജ് | 1994 | 341 | - | - |
| 2 | ഓൾഡ് ഏജ് | - | - | 216 | 135 |
| 3 | പി എച്ച് ഹോം | - | - | 40 | - |
| | **ആകെ** | **1994** | **341** | **256** | **135** |

**സെക്ഷൻ ഓഫീസർ**